**File No.EXC/5372/2021-XA1**

**"ഭരണഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 23/03/2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ::0471-2322825

പ്രേഷകൻ :

എക്സൈസ് കമ്മീഷണർ
തിരുവനന്തപുരം

ഗ്രാഹകൻ :

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ
എല്ലാ ഡിവിഷനുകളും

സർ,

വിഷയം :- അബ്കാരി- 2022-23 വർഷത്തേയ്ക്ക് ലൈസൻസുകൾ സമയബന്ധിതമായി പുതുക്കി നൽകുന്നത് - നിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന :-

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാന സർക്കാരിന്റെ 2022-23 വർഷത്തെ അബ്കാരി നയം പുറപ്പെടുവിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ എക്സൈസ് വകുപ്പ് നൽകിയിട്ടുള്ള ലൈസൻസുകൾ 2022-23 വർഷത്തേയ്ക്ക് പുതുക്കി നൽകുന്നത് സംബന്ധിച്ച നിർദേശം സർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്.

**2022-23 വർഷത്തേയ്ക്ക് ലൈസൻസുകൾ പുതുക്കി നൽകുന്നത് സംബന്ധിച്ച നിർദേശങ്ങൾ**

**1)** സർക്കാർ പുറപ്പെടുവിക്കുന്ന 2022-23 വർഷത്തെ അബ്കാരി നയത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകളിൽ മാറ്റങ്ങളുണ്ടാകുന്ന പക്ഷം ടി വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന സത്യവാങ്മൂലം ലൈസൻസിയിൽ നിന്നും വാങ്ങി നിലവിലെ നിയമങ്ങളും ചട്ടങ്ങളും പാലിച്ച് നിലവിലെ ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസുകൾ പുതുക്കി നൽകേണ്ടതാണ്. 200 രൂപ മുദ്രപത്രത്തിലാണ് സത്യവാങ്മൂലം വാങ്ങേണ്ടത്. (സത്യവാങ്മൂലത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)

**2)** Service plus പ്ലാറ്റ്ഫോം മുഖേന ഇതിനകം ലഭ്യമായ അപേക്ഷകളിൽ മേൽ പറഞ്ഞ പ്രകാരം സത്യവാങ്മൂലം ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർമാർ നേരിട്ട് ലഭ്യമാക്കി ലൈസൻസ് നിയമാനുസരണം പുതുക്കി നൽകേണ്ടതാണ്. ഇത്തരം അപേക്ഷകളിൽ സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് വേണ്ടി അപേക്ഷകൾ നിരസിക്കുകയോ തിരികെ നൽകുകയോ ചെയ്യരുത്.

3) ഇനി മുതൽ സമർപ്പിക്കുന്ന അപേക്ഷകളിൽ മേൽ പറഞ്ഞ പ്രകാരമുള്ള സത്യവാങ്മൂലം കൂടി സമർപ്പിക്കുന്നതിനുള്ള സൗകര്യം service plus പ്ലാറ്റ്ഫോമിൽ ഒരുക്കിയിട്ടുണ്ട്.

4) ടി സത്യവാങ്മൂലം ലൈസൻസി സ്വയം സാക്ഷ്യപ്പെടുത്തി നൽകേണ്ടതും ലൈസൻസ് സ്ഥാപനങ്ങളുടെ ഉപയോഗത്തിലുള്ള , പദവി, സ്ഥാപനവിവരങ്ങൾ എന്നിവ വെളിപ്പെടുത്തുന്ന അംഗീകൃത സീലുകൾ പതിക്കേണ്ടതുമാണ്.

5) മേൽ പ്രകാരമുള്ള സത്യവാങ്മൂലം നൽകാത്ത അപേക്ഷകൾ ലൈസൻസ് പുതുക്കുന്നതിനായി പരിഗണിക്കേണ്ടതില്ല. നിലവിൽ 2022-23 വർഷത്തേയ്ക്ക് പുതുക്കി നൽകിയ സ്ഥാപനങ്ങളുടെ ലൈസൻസികളിൽ നിന്നും മേൽ പറഞ്ഞ പ്രകാരത്തിലുള്ള സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

6) ഇപ്രകാരം ഹാജരാക്കുന്ന സത്യവാങ്മൂലത്തിന്റെ അസൽ ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

7) 23.10.2021 തീയതിയിലെ G.O.(P)No.105/2021/TAXES പ്രകാരം കള്ളുഷാപ്പ് ലൈസൻസുകൾ പുതുക്കുമ്പോൾ ഷാപ്പ് ഒന്നിന് 1000 രൂപ അധികമായി വങ്ങേണ്ടതാണ്. (കള്ളുഷാപ്പുകൾ തൊഴിലാളി സമിതികളാണ് നടത്തുന്നതെങ്കിൽ 250 രൂപ വങ്ങേണ്ടതാണ്.)

8) അന്തർജില്ല കള്ള് കടത്ത് പെർമിറ്റ് പ്രകാരം കള്ള് കടത്തുമ്പോൾ ലിറ്ററിന് 1 രൂപ നിരക്കിൽ, 23.10.2021 തീയതിയിലെ G.O.(P)No.14/2021/TAXES സർക്കാർ ഉത്തരവ് പ്രകാരം അഡിഷണൽ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്.

9) കോവിഡ് വ്യാപനത്തെ തുടർന്ന് ഏർപ്പെടുത്തിയ ലോക്ക് ഡൌണിനെ തുടർന്ന് സംസ്ഥാനത്ത് ബിയർ/വൈൻ പാർലറുകൾ (FL11) പ്രവർത്തിക്കാതിരുന്ന 24.03.2020 മുതൽ 21.05.2020 വരെയുള്ള 59 ദിവസക്കാലയളവിലെ ആനുപാതിക ലൈസൻസ് ഫീസ് 10.11.2021 തീയതിയിലെ G.O.(Rt)No.758/2021/TD സർക്കാർ ഉത്തരവ് പ്രകാരം അർഹതപ്പെട്ട ലൈസൻസികൾക്ക് 2022-23 വർഷത്തെ ലൈസൻസ് പുതുക്കുന്ന വേളയിൽ കുറവ് ചെയ്ത് നൽകേണ്ടതാണ്.

Signature valid
Digitally signed by PRADEEPKUMAR K
Date: 2022.03.23 18:12:57 IST
Reason: Approved

വിശ്വസ്തതയോടെ
**PRADEEPKUMAR K**
**DEPUTY EXCISE COMMISSIONER**
എക്സൈസ് കമ്മീഷണർക്കു വേണ്ടി